**POLICE** **DEPARTMENT**

**KERALA**

**No. G2(a)-17136/2024/KC**
സിറ്റി പോലീസ് ഓഫീസ്,
കണ്ണൂർ
cpknr.pol@kerala.gov.in
04972763332
തീയതി. 17-04-2025

**പുനർ ലേല പരസ്യം**

കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറുടെ ക്യാംപ് ഓഫീസ് കെട്ടിടത്തിലെ അറ്റകുറ്റപണികളുടെ ഭാഗമായി നീക്കിയ വിൻഡോ ഫ്രെയിം (9 എണ്ണം). വിൻഡോ ഷട്ടർ (54 എണ്ണം), വെൻ്റിലേറ്റർ (2 എണ്ണം) എന്നിവ 21/04/2025 തിയ്യതി രാവിലെ 11.00 മണിക്ക് കണ്ണൂർ പോലീസ് ക്ലബ് പരിസരത്ത് വെച്ച് പരസ്യമായി പുനർലേലം ചെയ്ത് നൽകുന്നതാണ്.

**നിബന്ധനകൾ**

1) ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരത ദ്രവ്യമായ 100/- രൂപ (നൂറ് രൂപ മാത്രം) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ തുക അയതിൻറെ Demand draft സഹിതം ഡെപ്യൂട്ടി കമാൻഡൻറ് ഡിഎച്ച്ക്യൂ കണ്ണൂർ സിറ്റി അവർകളുടെ പേരിൽ 20/04/2025 തീയ്യതി വൈകിട്ട് 5 മണി വരെ ഡെപ്യൂട്ടി കമാൻഡൻറ് ഡിഎച്ച്ക്യൂ കണ്ണൂർ സിറ്റി അവർകളുടെ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിനു പുറത്ത് " *കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറുടെ ക്യാംപ് ഓഫീസ് കെട്ടിടത്തിലെ അറ്റകുറ്റപണികളുടെ ഭാഗമായി നീക്കിയ വിൻഡോ ഫ്രെയിം, വിൻഡോ ഷട്ടർ, വെൻറിലെറ്റർ എന്നിവ ലേലം ചെയ്യുന്നതിനുള്ള ദർഘാസ്*" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**2)** ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതാണ്.

**3)** ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരതദ്രവ്യം (ലേലം കൊണ്ടയാളുടെ ഒഴികെ) ലേലം കഴിഞ്ഞ ഉടനെതന്നെ തിരിച്ചു നൽകുന്നതാണ്

**4)** പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ, ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്.

**5)** ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും (നിരത ദ്രവ്യം കഴിച്ച് ) അടച്ച് രസീത് വാങ്ങേണ്ടതും, ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ബാക്കി തുകയും, 18% GST യും അടച്ച് 10 ദിവസത്തിനകം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും സാധന സാമഗ്രികൾ പ്രസ്തുത സ്ഥലത്ത് നിന്നും പൂർണമായി നീക്കം ചെയ്യേണ്ടതാണ്.

**6)** ഏതെങ്കിലും കാരണവശാൽ ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വസ്തുക്കൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

**7)** മേൽ സൂചിപ്പിച്ച വസ്തുക്കൾ പരിശോധിക്കണമെങ്കിൽ 20/04/2025 വരെയുള്ള ഏതെങ്കിലും ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണിവരെ ഡെപ്യൂട്ടി കമാൻഡൻറ് ഡിഎച്ച്ക്യൂ കണ്ണൂർ സിറ്റി അവർകളുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

**8)** യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയ്യതി മാറ്റി വെക്കുന്നതിനും ലേലം / ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും.

നിധിൻരാജ് പി ഐ.പി.എസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | 1. സൂപ്രണ്ട്, ഗവൺമെൻറ് പ്രസ്സ്, തിരുവനന്തപുരം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി. 2. ലേലം ബോർഡ് അംഗങ്ങൾക്ക് - അറിവിലേക്കും അനന്തര നടപടികൾക്കുമായി. ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും നിരതദ്രവ്യം മുൻകൂറായി വാങ്ങേണ്ടതും, ലേലത്തിൽ പരാജയപ്പെടുന്നവർക്ക് നിരതദ്രവ്യം അന്നേദിവസം തന്നെ തിരികെ കൊടുക്കേണ്ടതുമാണ്. കൂടാതെ, ലേലവുമായി ബന്ധപ്പെട്ട് എല്ലാ നികുതികളും ചേർത്തുള്ള ആകെ തുക കൃത്യമായി സ്വീകരിക്കേണ്ടതും ആയത് അന്നേദിവസം തന്നെ കണ്ണൂർ സിറ്റി പോലീസ് ഓഫീസ് ക്യാഷർ വശം അടക്കേണ്ടതുമാണ്. 3. കണ്ണൂർ സിറ്റി പോലീസ് ഓഫീസ്, ക്യാഷർ - അറിവിലേക്കും അനന്തര നടപടികൾക്കുമായി. |
| പകർപ്പ് | : | 1. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും / കമ്മീഷണർമാർക്കും / ബറ്റാലിയൻ കമാൻഡന്റ്മാർക്കും - അറിവിലേക്കും വ്യാപക പ്രചരണത്തിനുമായി 2. കണ്ണൂർ സിറ്റി പോലീസ് ജില്ലയിലെ എല്ലാ സബ് ഡിവിഷൻ / പോലീസ് സ്റ്റേഷനുകളിലേക്കും - അറിവിലേക്കും നോട്ടീസ് ബോർഡിൽ ഉൾപ്പെടെ വ്യാപക പ്രചരണത്തിനുമായി 3. കണ്ണൂർ കോർപ്പറേഷൻ ഓഫീസിലേക്ക് - അറിവിലേക്കും നോട്ടീസ് ബോർഡിൽ ഉൾപ്പെടെ വ്യാപക പ്രചരണത്തിനുമായി 4. കണ്ണൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസർ - അറിവിലേക്കും പ്രചരണത്തിനുമായി. |